**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 269** **13-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,**<br>**ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,**<br>**ശ്രീ. റോജി എം. ജോൺ ,**<br>**ശ്രീ . ഷാഫി പറമ്പിൽ** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ വലിയൊരു വിഭാഗം ലഹരിക്ക് അടിമകളാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളിൽ ചെറിയ ഒരു വിഭാഗം ലഹരി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവമായി കാണുന്നു |
| (ബി) | എല്ലാ സ്കൂൾ വിദ്യാർത്ഥികളെയും നിശ്ചിത ഇടവേളകളിൽ മെഡിക്കൽ പരിശോധനയ്ക്ക് വിധേയരാക്കുന്നതിനും അവർ ലഹരിക്ക് അടിമകളല്ലെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (ബി) | ഹയർസെക്കന്ററി വിഭാഗത്തിൽ വിദ്യാർത്ഥികളുടെ ഇടയിലുള്ള ജീവിതശൈലീ രോഗങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക പദ്ധതി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററുമായി ചേർന്ന് ഈ വർഷം ആദ്യഘട്ടമെന്ന നിലയിൽ മുഴവൻ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ജീവിതശൈലീ രോഗനിർണ്ണയ വേളയിൽ വിദ്യാർത്ഥികൾക്കി ടയിലുള്ള ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾകൊള്ളിച്ചിരുന്നു. ഇത്തരം ആരോഗ്യപരമായ പ്രശ്നങ്ങളുള്ള വിദ്യാർത്ഥികളുടെ കാര്യത്തിൽ തൊട്ടടുത്ത പി.എച്ച്.സികളുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.<br><br>വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിന്റെ പാർശ്വ ഫലങ്ങളെക്കുറിച്ച് ബോധവൽക്ക രണ ക്ലാസ്സുകൾ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ നടത്തി വരുന്നു. കുട്ടികളിലെ ലഹരി ഉപയോഗത്തിന്റെ ദോഷവശങ്ങൾ സംബന്ധിച്ച് അവരെ ബോധവൽക്കരി ക്കുന്നതിന് ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി തലങ്ങളിൽ |

| | | | |
|---|---|---|---|
| | | | ആരോഗ്യ എക്സൈസ് വകുപ്പ് കളുമായി ചേർന്ന് വിപുലമായ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾക്കും സ്കൂൾ പാഠ്യപദ്ധതിയിൽ കൂടുതൽ പ്രാധാന്യം നൽകുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ലഹരി വിരുദ്ധ പ്രവർത്തന ങ്ങൾക്കും ബോധവൽക്കരണ പരിപാടികൾക്കും സ്കൂൾ പാഠ്യപദ്ധതിയിൽ കൂടുതൽ പ്രാധാന്യം നൽകുന്നതാണ്. ഇതിനായി പാഠ്യപദ്ധതി പരിഷ്കരിക്കാൻ രൂപീകരിച്ചിട്ടുള്ള കരിക്കുലം കമ്മിറ്റിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ